## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1548 — 18.06.2012 ൽ മറുപടിക്ക്

### ആധാർ ബയോമെട്രിക് എൻറോൾമെന്റിന്റെ നടപടിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) ആധാർ ബയോമെട്രിക് എൻറോൾമെന്റിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കാർഡ് വിതരണം നടത്തിയിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് ആധാർ ബയോമെട്രിക് എൻറോൾമെന്റ് നടപടിക്രമങ്ങൾ 2011 ഫെബ്രുവരി 24-ന് ആരംഭിച്ചു. നാളിതു വരെ 85 ലക്ഷത്തോളം ജനങ്ങളെ എൻറോൾ ചെയ്തതിൽ 59,12,585 പേരുടെ യു.ഐ.ഡി നമ്പർ ലഭ്യമാകുകയും 85% പേരുടെ യു.ഐ.ഡി കാർഡ് വിതരണം നടത്തുകയും ചെയ്തു. |
| (ബി) ആധാർ എൻറോൾമെന്റ് നടത്തിയ അക്ഷയ സംരംഭകർക്ക് നൽകേണ്ട പ്രതിഫലം പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) 2012ഏപ്രിൽ രണ്ടാം വാരം വരെ ജെനറേറ്റ് ചെയ്ത എല്ലാ ആധാറിന്റെയും പ്രതിഫലം പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) ആധാർ ബയോമെട്രിക് എൻറോൾമെന്റ് നടത്തിയവർ വീണ്ടും നാഷണൽ പോപ്പുലേഷൻ രജിസ്റ്റർപ്രകാരം എൻറോൾമെന്റ് നടത്തണമോ; | (സി) ആധാർ ബയോമെട്രിക് എൻറോൾമെന്റ് നടത്തിയവർ നാഷണൽ പോപ്പുലേഷൻ രജിസ്റ്റർ വഴി വീണ്ടും ബയോമെട്രിക് വിവരങ്ങൾ നൽകേണ്ടതില്ല. പകരം ആധാർ നമ്പരോ, എൻറോൾമെന്റ് നമ്പരോ നൽകിയാൽ മതി. എന്നാൽ ജനസംഖ്യാ വിവരവുമായി ബന്ധപ്പെട്ട് വിശദാംശങ്ങൾ നൽകേണ്ടതാണ്. |
| (ഡി) ആധാർ, എൻ.പി.ആർ രജിസ്ട്രേഷൻ കാർഡുകൾ ലഭിക്കുന്നതിലുള്ള ഗുണഫലം പ്രത്യേകമായി വെളിപ്പെടുത്തുമോ; | (ഡി) 1. രാജ്യത്തുടനീളം ഓരോ വ്യക്തിയേയും തിരിച്ചറിയുന്നതിനുള്ള ഒരു ഏകീകൃത സംവിധാനം നടപ്പിലാക്കാൻ സാധിക്കും.<br>2. റേഷൻ, സബ്സിഡി, പെൻഷൻ, പാചക വാതകം, ഉടങ്ങിയവ അർഹരായവർക്ക് സുതാര്യമായി ലഭ്യമാക്കുവാനും അനർഹരാ യവരെ ഒഴിവാക്കാനും സാധിക്കും. |
| (ഇ) കേരളത്തിൽ എൻ.പി.ആർ രജിസ്ട്രേഷന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണ്; പ്രസ്തുത സ്ഥാപനം ആരുടെ ഉടമസ്ഥതയിലുള്ളതാണ്? | (ഇ) കേരളത്തിൽ എൻ.പി.ആർ രജിസ്ട്രേഷന് ചുമതലപ്പെടുത്തിയിട്ടുള്ളത് പാലക്കാടുള്ള ഇന്ത്യൻ ടെലഫോൺ ഇൻഡസ്ട്രീസ് (ഐ.ടി.ഐ) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തെയാണ്. |

Rahul . K . Jaiswal

സെക്ഷൻ ഓഫീസർ